**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3076 | 21.08.2017-ൽ മറുപടിയ്ക്ക് |
|---|---|

**ക്ഷേമ പെൻഷൻ കുടിശ്ശിക**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നത് കഴിഞ്ഞ എട്ട് മാസത്തിലധികമായി നിർത്തിവെക്കാനും സൈറ്റ് ബ്ലോക്ക് ചെയ്യുവാനും ഇടയാക്കിയ സാഹചര്യം വിശദീകരിക്കാമോ; | (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം കൃത്യമാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരശേഖരണം നടത്തുന്നതിനും പെൻഷൻ ഗുണഭോക്താക്കളുടെ സത്യവാങ്മൂലം രേഖപ്പെടുത്തുന്നതിനും പെൻഷൻ അദാലത്ത് നടത്തുന്നതിന്റെയും ഭാഗമായിട്ടാണ് സൈറ്റിലേയ്ക്ക് വിവരങ്ങൾ പൂർണ്ണ സമയം സ്വീകരിക്കാതെ ബ്ലോക്ക് ചെയ്തിട്ടുള്ളത്. എന്നാൽ 2016 നവംബർ 15 മുതൽ നവംബർ 19 വരെയും പിന്നീട് 18/01/2017 മുതൽ 2017 ഫെബ്രുവരി 15 വരെയും, 2017 മെയ് 1 മുതൽ ജൂൺ 10 വരെയും വെബ്സൈറ്റ് തുറന്നു നൽകിയിരുന്നതാണ്. |
| (ബി) | ഈ കാലയളവിൽ അംഗീകരിച്ച വാർദ്ധക്യകാല പെൻഷൻ അപേക്ഷകൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; അപേക്ഷകൾ ഇപ്പോൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | 2017 ജൂൺ 10 വരെ ഡിബിടി സെല്ലിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ അനുസരിച്ചാണ് 2017 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | വിവിധ ക്ഷേമപെൻഷൻ കുടിശ്ശികയിനത്തിൽ എത്ര തുക ഗുണഭോക്താക്കൾക്ക് നൽകാനുണ്ടെന്നും വിശദീകരിക്കാമോ? | (സി) | ശരിയായ സത്യവാങ്മൂലം സമർപ്പിച്ച എല്ലാ ഗുണഭോക്താക്കൾക്കും 2017 ആഗസ്റ്റ് വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ, സത്യവാങ്മൂലം നൽകാത്തവർക്കും, തെറ്റായ വിവരങ്ങൾ നൽകിയവർക്കുമായി 2105802320/- രൂപ കുടിശ്ശിക നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ